# വിശാലകൊച്ചിവികസന അതോറിറ്റി

പി.ബി. നമ്പർ 2012 ഫോൺ : 2205061 ഫാക്സ് 91 484 2206230 കൊച്ചി-682020Website : (www.gcda.kerala.gov.in); E-mail : gcdaonline@gmail.com


"*ഭരണഭാഷ - മാതൃഭാഷ*"

നമ്പർ.9915/ഐ.ഒ./2017/ജി.സി.ഡി.എ. തീയതി, 11.01.2018

പ്രേഷിതൻ

പബ്ലിക് ഇൻഫർമേഷൻ ഓഫീസർ

സ്വീകർത്താവ്

ഗീത ലംബ്
നന്ദനം, പുത്തൻകുളം പി.ഒ.,
കൊല്ലം - 691 302.

സർ,

വിഷയം:- ജി.സി.ഡി.എ. - ഭരണവിഭാഗം - വിവരാവകാശ നിയമം - വിവരങ്ങൾ നൽകൽ - സംബന്ധിച്ച്.

സൂചന:- താങ്കളുടെ 16.12.2017 തീയതിയിൽ ലഭിച്ച അപേക്ഷ.

----------

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

താങ്കൾ ആവശ്യപ്പെട്ട വിവരങ്ങൾ താഴെ കാണും പ്രകാരം നൽകുന്നു.

1) 2013-15 കാലയളവിൽ അന്യത്ര സേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചിരുന്ന ടൗൺ പ്ലാനർമാർ.

| പേര് | | കാലയളവ് |
|---|---|---|
| ശ്രീ. സി.പി. പ്രമോദ്കുമാർ | - | 2009 - 2014 |
| ശ്രീമതി. ഷിജി. ഇ. ചന്ദ്രൻ | - | 2011 - 2016 |
| ശ്രീ. സി.ജെ. പൗലോസ് | - | 2012 - 2013 |
| ശ്രീമതി. പി.ആർ. ജയശ്രീ | - | 2014 - 2017 |

2) 2013-15 കാലയളവിൽ അതോറിറ്റി ഓഫീസിൽ ജോലി ചെയ്ത് വന്നിരുന്ന ആസൂത്രണ വിഭാഗം ഉദ്യോഗസ്ഥരുടെ തസ്തിക തിരിച്ചുള്ള എണ്ണം.

| | | |
|---|---|---|
| സീനിയർ ടൗൺ പ്ലാനർ | - | 1 |
| ടൗൺ പ്ലാനർ (ഹ.ഗ്രേ.) | - | 1 |
| ടൗൺ പ്ലാനർ | - | 4 (ഡെപ്യൂട്ടേഷൻ) |
| ഡെപ്യൂട്ടി ടൗൺ പ്ലാനർ (ഹ.ഗ്രേ.) | - | 2 |
| ഡെപ്യൂട്ടി ടൗൺ പ്ലാനർ | - | 1 |
| അസിസ്റ്റന്റ് ടൗൺ പ്ലാനർ | - | 3 |
| ഡ്രാഫ്റ്റ്സ്മാൻ/സർവ്വേയർ ഗ്രേഡ്-I | - | 4 |
| ഡ്രാഫ്റ്റ്സ്മാൻ/സർവ്വേയർ ഗ്രേഡ്-II | - | 4 |
| ഡ്രാഫ്റ്റ്സ്മാൻ/സർവ്വേയർ ഗ്രേഡ്-III/ട്രേസർ | - | 1 |

3) ലഭ്യമായ വിവരം അപേക്ഷകന് 7 ദിവസത്തിനകം നേരിട്ട് നൽകുന്നതിന് സീനിയർ ടൗൺ പ്ലാനർ, എസ്റ്റേറ്റ് ഓഫീസർ (i/c) എന്നിവരെ ചുമതലപ്പെടുത്തുന്നു.

4) ചോദ്യത്തിൽ പരാമർശിച്ചിരിക്കുന്നത് പ്രകാരം ചട്ടവിരുദ്ധവും, അനധികൃതവുമായ സ്ഥലവിൽപ്പന എന്നു കാണിച്ച് സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമായ പരാമർശത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്ത് നൽകുന്നു.

5) I) പനമ്പിള്ളി നഗറിൽ ഉണ്ടായിരുന്ന ക്വാർട്ടേഴ്സ് പൊളിച്ച് പണിത 3 ഫ്ളാറ്റുകൾ:-

a) 31.07.2013

b) ഭൂമിയുടെ അളവ് -205.59 $m^2$ (5.08 സെന്റ്)

സർവ്വെ നമ്പർ -915/5,8,10

ന്യായവില(ഫ്ളാറ്റ് ഒന്നിന്) -23,03,767/-രൂപ

തറവിലയിൽ ഭൂമിയുടെ മാത്രം വില -41,96,233/- രൂപ

c) 05.06.2013 -ൽ ടെണ്ടർ ക്ഷണിച്ചെങ്കിലും ആരും ഹാജരാകാതിരുന്നതിനാൽ 31.07.2013-ൽ ടി ഫ്ളാറ്റുകൾ റീടെണ്ടർ നടത്തുകയും ടി മൂന്ന് ഫ്ളാറ്റുകൾക്കായി ഒരുമിച്ചുള്ള ടെണ്ടറിൽ പങ്കെടുത്ത ഏക അപേക്ഷകനായ ശ്രീ.തോമസ് ചാക്കോ എന്നയാൾക്ക് ടി ഫ്ളാറ്റുകൾ 3 പേരുകളിൽ (ശ്രീ.തോമസ് ചാക്കോ, ശ്രീമതി.ഉണ്ണിയമ്മ തോമസ്, M/s റെഡ് ഫോക്സ് പസിഫിക്ക് ഷിപ്പിംഗ് & ലോജിസ്റ്റിക് (പ്രൈവറ്റ് ലിമിറ്റഡ് represented by MD ശ്രീ.തോമസ് ചാക്കോ എന്ന പേരിൽ) രജിസ്റ്റർ ചെയ്ത നൽകിയിട്ടുള്ളതുമാണ്.

d) ടി വിവരങ്ങൾ ഫയൽ പരിശോധിച്ചതിൽ ലഭ്യമല്ല.

II) എറണാകുളം സൗത്ത് റെയിൽവേ സ്റ്റേഷന് സമീപം കർഷക റോഡിൽ പണിത 6 ഫ്ളാറ്റുകൾ:-

a) 20.06.2014

b) ഭൂമിയുടെ അളവ് - 14 സെന്റ് (566.50 $m^2$)

സർവ്വെ നമ്പർ -553/2

ടി ഫ്ളാറ്റുകൾ വാടകയ്ക്കാണ് നൽകിയിരിക്കുന്നത്.

c) അതോറിറ്റിയുടെ സൗത്ത് കൊമേസ്യൽ സെന്ററിലെ 6 ഫ്ളാറ്റുകൾ രണ്ട് പ്രാവശ്യം (വിൽപ്പനയ്ക്കായി) ടെണ്ടർ/ലേലം നടത്തിയിരുന്നെങ്കിലും ലേലം കൊള്ളാൻ ആരും ഉണ്ടാകാത്ത സാഹചര്യത്തിൽ ബഹു.ചെയർമാന്റെ നിർദ്ദേശപ്രകാരം ടി ഫ്ളാറ്റുകൾ 5 വർഷത്തേക്ക് വാടകയ്ക്ക് നൽകുന്നതിന് 20.06.2014-ൽ ടെണ്ടർ/ലേലം നടത്തുകയുണ്ടായി. ടി ടെണ്ടറിൽ ഏറ്റവും ഉയർന്ന വാടകയായ പ്രതിവർഷം 11,88,000/-രൂപ വാഗ്ദാനം ചെയ്ത ശ്രീ.രാജേഷ് കുമാർ എന്നയാൾക്ക് ടി ടെണ്ടർ ഉറപ്പിച്ച് അലോട്ട്മെന്റ് ഉത്തരവ് നൽകിയിട്ടുള്ളതും കരാർ രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്.

d) പ്രസ്തുത ഫ്ളാറ്റ് 5 വർഷത്തേക്ക് വാടകയ്ക്കാണ് നൽകിയിരിക്കുന്നത്.

III) a) കാക്കനാട് സ്റ്റുഡിയോ അപ്പാർട്ട്മെന്റിനു വേണ്ടി 29.09.2015, 24.11.2015, 22.03.2016 എന്നീ തീയതികളിലും രാമേശ്വരം സംയോജിത പാർപ്പിട പദ്ധതിയിലെ ഡി വിഭാഗം (48 എണ്ണം) വീടിനു വേണ്ടി 16.09.2015 തീയതിയിലും ടെണ്ടർ/ലേലം നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്.

b) കാക്കനാട് സ്റ്റുഡിയോ അപ്പാർട്ട്മെന്റ്

Extent – 6.86 Ares
Sy.No. – 335/1
Fair Value - 10,50,000/-

രാമേശ്വരം സംയോജിത പാർപ്പിട പദ്ധതിയിൽ - 48 ഫ്ളാറ്റുകൾ

Extent – 16.87 Ares
Sy.No. – 145/3,5,12 & 150/3

48 ഫ്ളാറ്റുകളിൽ 10,50,000/- രൂപയായി നിശ്ചയിച്ചിട്ടുള്ള ഫ്ളാറ്റുകൾക്ക് -
ലാന്റിന്റെ വില - 2,62,500/-രൂപ
ഫ്ളാറ്റിന്റെ വില - 7,87,500/-രൂപ

13 ലക്ഷം രൂപ വിലയുള്ള ഫ്ളാറ്റുകളിൽ, ഭൂമിയുടെ വില - 3,69,100/-രൂപ
ഫ്ളാറ്റിന്റെ വില - 9,30,900/-രൂപ
എന്നിങ്ങനെ നിജപ്പെടുത്തിയിരിക്കുന്നതായി ഫയൽ പരിശോധനയിൽ കാണുന്നു.

c) ടെണ്ടർ/ലേലം നടപടികൾ, രാമേശ്വരം ഫ്ളാറ്റുകളിൽ ടെണ്ടർ/ലേലത്തിൽ പോകാത്ത വീടുകൾ ആവശ്യക്കാർ അപേക്ഷ നൽകുന്ന സീനിയോരിറ്റി ക്രമത്തിൽ അനുവദിച്ച് നൽകുന്നതിനു നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

(ബന്ധപ്പെട്ട ഫയൽ അപേക്ഷകയ്ക്ക് ഓഫീസിൽ നേരിട്ട് ഹാജരായി പരിശോധിച്ച് ആവശ്യമുള്ള രേഖകളുടെ പകർപ്പുകൾ ഫീസടച്ച് ലഭ്യമാക്കാവുന്നതാണ്.)

d) ടി ചോദ്യം സംബന്ധിച്ച വിവരങ്ങൾ ഫയൽ പരിശോധനയിൽ ലഭ്യമല്ല.

6) ചോദ്യത്തിൽ പരാമർശിച്ചിരിക്കുന്ന സർവ്വേ നമ്പർ 330-ൽ പ്പെട്ട സ്ഥലത്തിന്റെ ടെണ്ടർ/ലേലം സംബന്ധിച്ചുള്ള എസ്റ്റേറ്റ് വിഭാഗം ഫയലിൽ 17.07.2009-ൽ ജില്ലാ കളക്ടർ നിശ്ചയിച്ച് നൽകിയത് എന്ന് പറയുന്ന വിപണിവില സംബന്ധിച്ച് രേഖകൾ ലഭ്യമല്ല.

അപ്പീൽ അധികാരിയുടെ മേൽവിലാസം

**എം.സി. ജോസഫ്**
അപ്പലേറ്റ് അതോറിറ്റി/സെക്രട്ടറി
ജി.സി.ഡി.എ, കൊച്ചി- 682020.

വിശ്വസ്തതയോടെ,

**എ. ഇമാമിൻ മുബീൻ**
പബ്ലിക് ഇൻഫർമേഷൻ ഓഫീസർ

പകർപ്പ് :- സീനിയർ ടൗൺ പ്ലാനർ
എസ്റ്റേറ്റ് ഓഫീസർ (i/c)

RPR